**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 785** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

**<u>മറുപടി:</u>** 2022-23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി (Vented Cross Bar) കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി ₹300 ലക്ഷം രൂപയുടെ ഡി.പി.ആർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും, 03/08/2022ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി യോഗത്തിൽ വി.സി.ബി നിർമ്മാണം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുന: സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് എം.എൽ.എ യുടെയും ഗ്രാമ പഞ്ചായത്ത് അധികൃതരുടെയും ആവശ്യം പരിഗണിച്ച്, ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നതുപോലെ പാലം നിർമ്മാണം ഉൾപ്പെടുത്തി പദ്ധതി പുന:സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു.

പ്രസ്തുത പാലത്തിലൂടെ ഭാവിയിൽ വലിയ വാഹനങ്ങൾ സഞ്ചരിക്കാൻ സാധ്യതയുള്ളതിനാൽ മണ്ണ് പര്യവേക്ഷണവും (Soil Investigation) പാലത്തിന്റെ ഡിസൈനും ആവശ്യമായി വന്നു. ഇതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ₹3.40ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 03-07-2025ന് പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ആയത് സമർപ്പിച്ച് ഭരണാനുമതി ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**